അന്ത്യോദയ അന്നയോജന കാർഡുടമകൾക്ക് നല്ല അരി നൽകാൻ നടപടി

*27 [87] ശ്രീ. എം. മുരളി :

,, ഇ. എം. അഗസ്തി :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അന്ത്യോദയ അന്നയോജന കാർഡുടമകളുടെ എണ്ണമെത്ര;

(ബി) ഈ വിഭാഗത്തിൽപ്പെടുന്ന കാർഡുടമകൾക്ക് എത്ര അളവ് അരി വീതം നൽകുന്നു; ഇതിന്റെ വിലയെന്താണ്;

(സി) ഇത്തരം കാർഡുടമകൾക്കുവേണ്ടി ഒരു മാസത്തേക്ക് ആവശ്യമായി വരുന്ന അരിയുടെ അളവ് എത്രയാണ്;

(ഡി) പ്രസ്തുത വിഭാഗക്കാർക്കു വേണ്ടി അലോട്ട് ചെയ്യുന്ന നല്ല അരി കരിഞ്ചന്തയിൽ പോകുന്നതായി പരാതിയുണ്ടായിട്ടുണ്ടോ; ഈ വിഭാഗക്കാർക്ക് നല്ല അരി നൽകുവാൻ എന്തെല്ലാം മുൻകരുതൽ എടുത്തിട്ടുണ്ട്?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) 354998

(ബി) ഒരു കിലോഗ്രാം അരിക്ക് 3 രൂപാ നിരക്കിൽ 35 കിലോ അരി വീതം പ്രതിമാസം നൽകിവരുന്നു.

(സി) 12425.00 മെട്രിക് ടൺ.

(ഡി) ഈ വിഭാഗക്കാർക്ക് നൽകുന്ന അരി കരിഞ്ചന്തയിൽ പോകുന്നതായി പരാതി ഒന്നും ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരും ഫുഡ് കോർപ്പറേഷനുമായി നിരന്തരം ബന്ധം പുലർത്തിയും ഫുഡ് കോർപ്പറേഷനിൽനിന്നും അലോട്ട് ചെയ്യുന്ന അരിയുടെ ഗുണനിലവാരം നിരീക്ഷിച്ചും റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നത് ഗുണ നിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ ആണെന്ന് ഉറപ്പുവരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly